# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2109** **19/06/2012 ൽ മറുപടിക്ക്**

**കലാമൂല്യമുള്ള നല്ല സിനിമകൾക്ക് പ്രോത്സാഹനം**

ചോദ്യം — ഉത്തരം

ശ്രീ. പി. തിലോത്തമൻ

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(ബഹു. വനവും സ്പോർട്സും
സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കലാമൂല്യമുള്ള നല്ല സിനിമകൾ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | ഏറ്റവും നല്ല സിനിമയെ പ്രോത്സാഹിപ്പിക്കുവാൻ സംസ്ഥാന ചലച്ചിത്ര പുരസ്കാരം നൽകിവരുന്നു. മികച്ച സിനിമകൾ ഉൾപ്പെടുത്തി ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കുന്നു. വിദേശ മേളകളിലേയ്ക്ക് സബ്ടൈറ്റിൽ ചെയ്ത് ചിത്രങ്ങൾ അയച്ചുവരുന്നു. |
| (ബി) | വിദ്യാർത്ഥികൾക്കിടയിൽ നല്ല സിനിമകൾ പ്രചരിപ്പിക്കുന്നതിനും അവയുടെ ആസ്വാദനം, ചിത്രനിർമ്മാണത്തിന്റെ വിവിധ വശങ്ങൾ എന്നിവ അവരെ പരിചയപ്പെടുത്തുന്നതിനും സ്കൂൾ തലത്തിൽ പരിശീലനം നൽകുമോ; | (ബി) | സ്കൂൾ തലത്തിൽ പരിശീലനം നൽകുന്ന കാര്യം പരിഗണനയിലാണ്. കുട്ടികൾക്കായി ചലച്ചിത്ര ക്യാമ്പുകൾ ഇപ്പോൾ നടത്തിവരുന്നുണ്ട്. |
| (സി) | സിനിമയുടെ ചരിത്രം, നല്ല സിനിമകളുടെ നിർമ്മാണം, സാങ്കേതിക വിദ്യ എന്നീ വിഷയങ്ങൾ സംബന്ധിച്ച പുസ്തകങ്ങൾ സ്കൂൾ ലൈബ്രറികളിൽ ലഭ്യമാക്കുവാൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കുമോ? | (സി) | ഈ വിഷയം പരിഗണനയിലാണ്. ചലച്ചിത്ര അക്കാദമി തയ്യാറാക്കിയിട്ടുള്ള പരിശീലന സി.ഡി.കൾ, പുസ്തകങ്ങൾ എന്നിവ സ്കൂളുകൾക്ക് നൽകുവാനും ഉദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ